**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** **24-06-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ ശൃംഖല ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വ്യവസായ മേഖല ദേശീയ, ആഗോള വ്യവസായ ശൃംഖലയുടെ ഒരു ഭാഗമായാൽ മാത്രമേ ശക്തവും പ്രതിരോധശേഷിയുള്ളതുമായ വ്യവസായ മേഖലയാകാൻ സാധ്യമാകൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കു ന്നതിനും വ്യവസായ നയം 2023-ൽ ഊന്നൽ നൽകുന്നു. വ്യവസായ രംഗത്ത് നവീന ആശയങ്ങൾ വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന തരത്തിലാണ് പുതിയ വ്യവസായ നയം വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്വ നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങളേയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച് വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ മേഖലയെ സുസ്ഥിരമാക്കി ദേശീയ, ആഗോള വ്യവസായ ശൃംഖലയുടെ |

| | | | |
|---|---|---|---|
| | | | ഭാഗമാക്കുന്നതിനുള്ള നടപടികളാണ് ഈ വ്യവസായ നയത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | വ്യവസായ ശൃംഖലയിലെ ആഗോള മാറ്റങ്ങൾക്കനുസൃതമായി പ്രാദേശിക വ്യവസായവും വ്യാപാരമേഖലയും സജ്ജമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ പുതിയ വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകൾ ഉൾപ്പെടുത്തിയിരിക്കുന്നു. അവയിലൊന്നാണ് ചില്ലറ വ്യാപാര മേഖല. ഇതിന്റെ പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ താഴെപ്പറയുന്നു :<br><br><u>അടിസ്ഥാന സൗകര്യങ്ങൾ</u><br><br>(എ). പി.പി.പി മാതൃകയിൽ ചെറുകിട സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഇ കൊമേഴ്സ് സംരംഭകർ എന്നിവർക്കായി അത്യാധുനിക സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.<br><br>(ബി). ഇ കൊമേഴ്സ് സംരംഭങ്ങൾക്ക് ഗുണകരമാകും വിധം നഗരത്തിനുള്ളിൽ ചെറിയ സംഭരണ ശാലകൾ സ്ഥാപിച്ച് ചരക്കുകളുടെ സുഗമമായ നീക്കം ഉറപ്പാക്കുക.<br><br>(സി). ചില്ലറ വിൽപനക്കാർക്കായി ആധുനിക ഇ-ടെയിൽ സോണുകൾ സ്ഥാപിക്കുക.<br><br><u>ഡിജിറ്റലൈസേഷനും സാങ്കേതിക വിദ്യയും</u><br><br>(എ).സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ കാര്യക്ഷമമാക്കുന്നതിനായി ഇ-കൊമേഴ്സ് കമ്പനികളുമായി ധാരണാ പത്രം ഉണ്ടാക്കി അവരുടെ ഉൽപ്പന്നങ്ങൾ ഓൺലൈനായി വിൽക്കുകയും സ്ഥാപനങ്ങളെ ഡിജിറ്റൽവത്ക്കരിക്കുകയും ചെയ്യുക.<br>(ബി).ഉൽപാദകരും, വിൽപ്പനക്കാരും കരകൗശല വിദഗ്ധരും നെയ്ത്തുകാരും ഉൾപ്പെടെയുള്ള ചെറുകിട ഇടത്തരം സംരംഭകർക്ക് വിതരണം, സംഭരണം, വിപണനം തുടങ്ങിയ സേവനങ്ങൾ ഇതുവഴി ഫലപ്രദമായി നൽകാൻ ലക്ഷ്യമിടുന്നു.<br><br><u>എൻവയോൺമെന്റൽ സോഷ്യൽ ആൻഡ് കോർപ്പറേറ്റ് ഗവേണൻസും (ESG)-യും സുസ്ഥിരതയും</u><br><br>(എ).വിഭവങ്ങൾ പാഴാകുന്നത് കുറയ്ക്കുന്ന തിനും, സുസ്ഥിര പാക്കേജിംഗ് സങ്കേതങ്ങൾ സ്വീകരിക്കുന്നതിനും ചില്ലറ വ്യാപാരികളെ പ്രോത്സാഹിപ്പിക്കുക.<br><br>(ബി).വെയർഹൗസുകൾ, വിതരണ കേന്ദ്രങ്ങൾ, റീട്ടെയിൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ പ്രോത്സാഹിപ്പിക്കുക. |

| | | | |
|---|---|---|---|
| (സി) | പുതിയ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് നൂതനവും മൂല്യവർദ്ധിതവുമായ ഉല്പന്ന നിർമ്മിതിയിലേക്ക് മാറുന്നതിന് സംസ്ഥാനത്തിന്റെ വ്യാവസായിക മേഖലയ്ക്ക് പ്രോത്സാഹനം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പുതിയ സാങ്കേതികവിദ്യ ഉപയോഗി ക്കേണ്ട വ്യവസായങ്ങൾക്ക് വിദേശ മൂലധനത്തെയും ആകർഷിക്കേണ്ടി വരും. അതിനായി കെ.എസ്.ഐ.ഡി.സി യിൽ പ്രത്യേക സംവിധാനം ഒരുക്കുന്നതാണെന്ന് 2023-ലെ വ്യവസായ നയത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. |
| (ഡി) | ഗവേഷണ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനൊപ്പം പാഠ്യ-വ്യവസായ മേഖലകളുടെ സഹകരണത്തെ പ്രോത്സാഹിപ്പിക്കുകയും നിക്ഷേപങ്ങൾ ആകർഷിക്കുകയും ചെയ്യുന്ന വ്യവസായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | യുവാക്കൾക്കിടയിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി വഴി സാങ്കേതികമായ പരിശീലനം ലഭിച്ച സംരംഭകർക്ക് അവസരങ്ങൾ തിരിച്ചറിഞ്ഞ് അതിനനുസരിച്ച് പ്രവർത്തിക്കാനുള്ള കഴിവ് സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. സംരംഭക വികസന ക്ലബ്ബ് വഴി പരിശീലനം ലഭിക്കുന്ന യുവാക്കൾ അടുത്ത തലമുറയുടെ സംരംഭകർ ആകുമെന്നും പ്രതീക്ഷിക്കുന്നു. ഇത് സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് ആശ്വാസം നൽകുകയും സംസ്ഥാനത്തെ വ്യവസായ വികസനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്.<br><br>വ്യവസായ ആവശ്യത്തിനുള്ള സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്ന തിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാ ണെന്നുള്ള വിലയിരുത്തലിന്റ അടിസ്ഥാനത്തിൽ **ക്യാമ്പസ് വ്യവസായ പാർക്ക്** പദ്ധതി നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്.<br><br>വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വിദ്യാർത്ഥികളുടെ മികവ് ഉപയോഗപ്പെടുത്തുന്നതിനുമായി സംരംഭങ്ങളും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയും തമ്മിലുള്ള ലിങ്കേജ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. സാങ്കേതിക |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്ന ടി പദ്ധതിയുടെ ആദ്യഘട്ടമായി സാങ്കേതിക സർവകലാശാലയുമായി ധാരണാപത്രം കഴിഞ്ഞ സാമ്പത്തിക വർഷം ഒപ്പ് വച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി പദ്ധതിക്കായി ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>നിക്ഷേപം വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി നടത്തുന്ന ഒന്നാണ് സംരംഭകത്വ പ്രോത്സാഹനം. അതിനായി വ്യവസായ നയത്തിൽ വ്യാവസായിക രംഗത്തെ അക്കാദമിക ഗവേഷണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ